**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 35** **08-10-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ മുടങ്ങുന്നത് സാധാരണക്കാരായ ജനങ്ങളെ ദുരിതത്തിലാക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | **2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പോലെ 2024 മാർച്ച് മാസം മുതൽ നാളിതു വരെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ മുടക്കം കൂടാതെ അതാത് മാസം വിതരണം ചെയ്തു വരുന്നു.** |
| (ബി) | സാമൂഹ്യക്ഷേമ പദ്ധതികളിലെ ആനുകൂല്യങ്ങളും ജീവനക്കാർക്കുള്ള കുടിശികകളും വിതരണം ചെയ്യുമെന്ന് നിയമസഭയിൽ ചട്ടം 300 പ്രകാരം മുഖ്യമന്ത്രി നടത്തിയ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ആനുകൂല്യ വിതരണത്തിനായി തുക അനുവദിക്കാൻ സാധിച്ചിട്ടുണ്ടോ; ആകെ കുടിശികയുടെ എത്ര ശതമാനം തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | "പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 2025 -26 -ൽ മൂന്നു ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു" എന്ന് പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം പ്രസ്താവിച്ചിരുന്നു. ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ 10.09.2024-ലെ സ.ഉ(സാധാ)നം.6908/2024/ധന, 11.09.2024-സ.ഉ(സാധാ)നം6922/2024/ധന എന്നീ ഉത്തരവുകൾ പ്രകാരം സെപ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഒരു ഗഡു കുടിശ്ശികയും അനുവദിച്ച് വിതരണം നടത്തിയിട്ടുള്ളതാണ്.<br><br>സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും മെച്ചപ്പെട്ട ശമ്പള പരിഷ്കരണം നടപ്പാക്കുകയും, ഡി.എ ഉറപ്പാക്കുകയും, ഡി.എ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ 2021-22 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പണമായി നൽകുകയും ചെയ്തു. പക്ഷെ കേന്ദ്രത്തിന്റെ പ്രതികൂല സമീപനം കാരണം കേരളം നേരിട്ട അസാധാരണമായ പണഞെരുക്കം ശമ്പള- |

| | | | |
|---|---|---|---|
| | | | പെൻഷൻ പരിഷ്കരണ കുടിശ്ശികകൾ, ജീവനക്കാർക്കുള്ള ക്ഷാമബത്ത, പെൻഷൻകാർക്കുള്ള ഡിയർനെസ്സ് റിലീഫ് എന്നിവയുടെ വിതരണം എന്നിവയിൽ കുടിശ്ശിക വരാൻ ഇടയാക്കിയിട്ടുണ്ട്. ഈ കുടിശ്ശിക നിവാരണം ചെയ്യണമെന്ന് സർക്കാർ ലക്ഷ്യമിടുന്നു. ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡി.എ/ഡി.ആർ ഏപ്രിൽ 2024 ൽ വിതരണം ചെയ്തിട്ടുണ്ട്. തുടർന്ന് ആനുകൂല്യങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിക്കും. |
| (സി) | കുടിശിക വിതരണത്തിന് ആവശ്യമായ തുക അനുവദിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (സി) | "പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 2025 -26 -ൽ മൂന്നു ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു" എന്ന് പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം പ്രസ്താവിച്ചിരുന്നു. ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ 10.09.2024-ലെ സ.ഉ(സാധാ)നം.6908/2024/ധന, 11.09.2024-സ.ഉ(സാധാ)നം6922/2024/ധന എന്നീ ഉത്തരവുകൾ പ്രകാരം സെപ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഒരു ഗഡു കുടിശ്ശികയും അനുവദിച്ച് വിതരണം നടത്തിയിട്ടുള്ളതാണ്.<br><br>സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും മെച്ചപ്പെട്ട ശമ്പള പരിഷ്കരണം നടപ്പാക്കുകയും, ഡി.എ ഉറപ്പാക്കുകയും, ഡി.എ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ 2021-22 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പണമായി നൽകുകയും ചെയ്തു. പക്ഷെ കേന്ദ്രത്തിന്റെ പ്രതികൂല സമീപനം കാരണം കേരളം നേരിട്ട അസാധാരണമായ പണഞെരുക്കം ശമ്പള-പെൻഷൻ പരിഷ്കരണ കുടിശ്ശികകൾ, ജീവനക്കാർക്കുള്ള ക്ഷാമബത്ത, പെൻഷൻകാർക്കുള്ള ഡിയർനെസ്സ് റിലീഫ് എന്നിവയുടെ വിതരണം എന്നിവയിൽ കുടിശ്ശിക വരാൻ ഇടയാക്കിയിട്ടുണ്ട്. ഈ കുടിശ്ശിക നിവാരണം ചെയ്യണമെന്ന് സർക്കാർ ലക്ഷ്യമിടുന്നു. ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡി.എ/ഡി.ആർ ഏപ്രിൽ 2024 ൽ വിതരണം ചെയ്തിട്ടുണ്ട്. തുടർന്ന് ആനുകൂല്യങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിക്കും. |

| | | | |
|---|---|---|---|
| (ഡി) | ക്ഷേമ പദ്ധതികളിലെ ആനുകൂല്യങ്ങളുടെ കുടിശിക വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | "പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ രണ്ടു ഗഡുക്കളും 2025 -26 -ൽ മൂന്നു ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു" എന്ന് പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം പ്രസ്താവിച്ചിരുന്നു. ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ 10.09.2024-ലെ സ.ഉ(സാധാ)നം.6908/2024/ധന, 11.09.2024-സ.ഉ(സാധാ)നം6922/2024/ധന എന്നീ ഉത്തരവുകൾ പ്രകാരം സെപ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഒരു ഗഡു കുടിശ്ശികയും അനുവദിച്ച് വിതരണം നടത്തിയിട്ടുള്ളതാണ്.<br><br>സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും മെച്ചപ്പെട്ട ശമ്പള പരിഷ്കരണം നടപ്പാക്കുകയും, ഡി.എ ഉറപ്പാക്കുകയും, ഡി.എ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ 2021-22 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പണമായി നൽകുകയും ചെയ്തു. പക്ഷെ കേന്ദ്രത്തിന്റെ പ്രതികൂല സമീപനം കാരണം കേരളം നേരിട്ട അസാധാരണമായ പണഞെരുക്കം ശമ്പള-പെൻഷൻ പരിഷ്കരണ കുടിശ്ശികകൾ, ജീവനക്കാർക്കുള്ള ക്ഷാമബത്ത, പെൻഷൻകാർക്കുള്ള ഡിയർനെസ്സ് റിലീഫ് എന്നിവയുടെ വിതരണം എന്നിവയിൽ കുടിശ്ശിക വരാൻ ഇടയാക്കിയിട്ടുണ്ട്. ഈ കുടിശ്ശിക നിവാരണം ചെയ്യണമെന്ന് സർക്കാർ ലക്ഷ്യമിടുന്നു. ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡി.എ/ഡി.ആർ ഏപ്രിൽ 2024 ൽ വിതരണം ചെയ്തിട്ടുണ്ട്. തുടർന്ന് ആനുകൂല്യങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ